താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു കാര്യത്തിനായി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം സ്ഥലമേറ്റെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടതിനാലും;

ഇപ്പോൾ, തന്മൂലം, 19-ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.1012 ഹെക്ടർ, അതിൽ അൽപ്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്നതുമായ ഭൂമി ഒരു പൊതുആവശ്യത്തിന്, അതായത്, മട്ടന്നൂർ, ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് ജല സംഭരണി നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികളിൽനിന്നും ആവശ്യമുണ്ടെന്ന് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ കളക്ടർ ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), തലശ്ശേരി എന്ന ആളിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ എൽ. എ. (ജനറൽ), തലശ്ശേരി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാകുന്നു.

പട്ടിക 1

## പൊന്നുംവില ഭൂമിയുടെ വിവരണം

*ജില്ല—കണ്ണൂർ.*
*വില്ലേജ്—കീഴൂർ.*

*താലൂക്ക്—ഇരിട്ടി.*
*ദേശം—കീഴൂർ.*

| ക്രമ നമ്പർ | ബ്ലോക്ക് | റീ.സ. നമ്പർ | എൽ.എ. സബ്ഡിവിഷൻ | വിവരണം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | .. | 98/1 | 3 | അസ്ഥിര പുഞ്ച | 0.1012 ഹെ. | .. |
| | | | | ആകെ | 0.1012 ഹെ. | |

പട്ടിക 2

## പുനരധിവാസ ഭൂമിയെ സംബന്ധിച്ച വിവരണം

ജില്ല—കണ്ണൂർ.

താലൂക്ക്—ഇരിട്ടി. വില്ലേജ്—കീഴൂർ.

| ക്രമ നമ്പർ | വസ്തുവിന്റെ വിവരണം | ഏകദേശ വിസ്തീർണ്ണം |
|---|---|---|
| | പുനരധിവാസം ആവശ്യമായി വരുന്നില്ല | |

പട്ടിക 3

## പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ ചുരുക്കം

ജില്ല—കണ്ണൂർ. താലൂക്ക്—ഇരിട്ടി.

| ക്രമ നമ്പർ | വസ്തുവിന്റെ വിവരണം | ഏകദേശ വിസ്തീർണ്ണം |
|---|---|---|
| | പുനരധിവാസം ആവശ്യമായി വരുന്നില്ല | |

(ഒപ്പ്)
ജില്ലാ കളക്ടർ,
കണ്ണൂർ.

NIC